## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 400 29/06/2016-ൽ മറുപടിക്ക്

# വൈദ്യുതി ഉല്പ്പാദന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം.മണി<br>,, വി.കെ.സി.മമ്മത് കോയ<br>,,ഡി.കെ. മുരളി<br>,,ആർ രാജേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) 2001-2006 കാലയളവിൽ വൈദ്യുതി ഉല്പ്പാദന വർദ്ധനവിനായി ഏതൊക്കെ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നുവെന്നും ഇവയിൽ നിന്നെല്ലാമായി എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പ്പാദിപ്പിച്ചുവെന്നും വിശദമാക്കാമോ; | (എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2001-02 ബഡ്ജറ്റ് വർഷത്തെ പ്രഖ്യാപനങ്ങൾ<br><br>1. 211.2 മെഗാവാട്ട് വൈദ്യുതി കൂടി സംസ്ഥാന പവർ ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കുക.<br>2. 34.2 മെഗാവാട്ട് ആകെ ശേഷിയുള്ള മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ പുതിയ വൈദ്യുത നിലയങ്ങൾ കമ്മീഷൻ ചെയ്യുക.<br>3. ഇതിനു പുറമേ 305.15 മെഗാവാട്ട് ശേഷിയുള്ള നടന്നു വരുന്ന പുതിയ ജല വൈദ്യുത പദ്ധതികളുടെ പണി പൂർത്തീകരിക്കുക.<br>4. 438 മില്യൻ യൂണിറ്റ് അധിക ഉത്പാദനം ലക്ഷ്യമാക്കി നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ വിപുലീകരിക്കുക.<br>5. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ പുന:രുദ്ധാരണവും ആധുനികവൽക്കരണവും ശേഷി വർദ്ധനവും തന്നാണ്ടു തന്നെ പൂർത്തീകരിക്കുക.<br>6. 300 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി പദ്ധതിയുടെ പുനരുദ്ധാരണവും ആധുനിക |

വൽക്കരണവും ശേഷി വർദ്ധനവും നടപ്പ വർഷം തന്നെ ഏറ്റെടുക്കുക.

2001-02-ൽ ശേഷി വർദ്ധനവ് സാദ്ധ്യമായത്

2.5 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജല വൈദ്യുത പദ്ധതി പൂർത്തീകരിച്ചു. ചെങ്കുളം, പന്നിയാർ എന്നിവയുടെ പുനരുദ്ധാരണം വഴി 4.1 മെഗവാട്ട് വർദ്ധന കൂടി സാധ്യമായി. 21 മെഗാവാട്ട് ശേഷി ഐ.പി.പി. വഴി വർദ്ധിപ്പിക്കാൻ സാധിച്ചു.

2002-03, 2003-04 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പുതിയ പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല.

മേൽ വർഷങ്ങളിൽ ശേഷി വർദ്ധനവ് സാദ്ധ്യമായത് താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| 2002-03 | 2.8 മെഗാവാട്ട് ചെങ്കുളം, പന്നിയാർ ഇവയുടെ പുനരുദ്ധാരണം വഴി സാധ്യമായി |
| 2003-04 | 12.6 മെഗാവാട്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി സാധ്യമായി |

2004--05 ബഡ്ജറ്റ് വർഷത്തെ പ്രഖ്യാപനങ്ങൾ

1. പള്ളിവാസൽ വിപുലീകരണ പദ്ധതി തന്നാണ്ടു തന്നെ ഏറ്റെടുക്കുക.
2. ആതിരപ്പള്ളി പദ്ധതി, പള്ളിവാസൽ വിപുലീകരണ പദ്ധതി, മാങ്കുളം പദ്ധതി, പൂർത്തിയാക്കാനുള്ള മറ്റു പദ്ധതികൾ എന്നിവയിലൂടെ 391.5 മെഗാവാട്ട് അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ശ്രമങ്ങൾ ആരംഭിക്കുക.
3. മാങ്കുളത്ത് ഒരു മാതൃകാ ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്കും മറ്റു ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുമുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
4. 77.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 30 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർ

ത്തനം 2004 ജനുവരിയിൽത്തന്നെ ആരംഭിയ്ക്കു വാൻ നടപടികൾ സ്വീകരിയ്ക്കുക.

5. ഇടുക്കി ജില്ലയിലെ രാമക്കൽമേട് മേഖലയിൽ കാറ്റിൽ നിന്ന് 100 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതി അനെർട്ട് മുഖാന്തിരം ഏറ്റെടുത്ത് നടത്തുക.

2004-05 ൽ നേര്യമംഗലം പദ്ധതിയുടെ പുനരുദ്ധാരണം വഴി 2.55 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

**<u>2005-06 ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ</u>**

1. നിർമ്മാണ ഘട്ടത്തിലുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുക.
2. ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ പുനരുദ്ധാരണം, നവീകരണം.
3. എനർജി മാനേജ്മെന്റ് സെന്റർ വഴി മൂന്ന് മാതൃകാ മൈക്രോ ഹൈഡൽ പ്രോജക്ടുകൾ സ്ഥാപിക്കുക.
4. സ്വകാര്യമേഖലയിൽ 30 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുക.

2005-06 വർഷത്തിൽ ശബരിഗിരി, നേര്യമംഗലം തുടങ്ങിയവയുടെ പുനരുദ്ധാരണം വഴിയും, രണ്ട് ചെറുകിട ജലസേചന പദ്ധതികൾ വഴിയും 26.55 MW ശേഷി വർദ്ധിപ്പിക്കാൻ സാധിച്ചു.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ;

(ബി) 2001-2006 കാലയളവിൽ പ്രഖ്യാപിച്ച മലമ്പുഴ (2..5 MW), ചെമ്പുക്കടവ് –I (2.7 MW), ചെമ്പുക്കടവ് –II (3.75 MW), ഉറുമി –I (3.75 MW), ഉറുമി – II (2,4 MW), മലങ്കര (10.5 MW), ലോവർ മീൻമുട്ടി (3.5 MW) എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്ത് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണ്.

കൂടാതെ പള്ളിവാസൽ (37.5MW), ചെങ്കുളം, (51.2MW), പന്നിയാർ (32.4MW), ശബരിഗിര (340MW), നേര്യമംഗലം (52.65) എന്നീ പദ്ധതികളുടെ പുന:രുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് നിലവിൽ പൂർണതോതിൽ പ്രവർത്തനക്ഷമമാണ്.

(സി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(സി)

| | |
|---|---|
| ചെമ്പുക്കടവ് – I | 24.03 കോടി രൂപ |
| ചെമ്പുക്കടവ് – II | 18.82. കോടി രൂപ |
| ഉറുമി – I | 17.45 കോടി രൂപ |
| ഉറുമി – II | 17.2 കോടി രൂപ |

മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെ നിർമ്മാണ പ്രവർത്തനത്തിനായി 7.94 കോടി രൂപയും ലോവർ മീൻമുട്ടി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 16.01 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പള്ളിവാസൽ, പന്നിയാർ, ചെങ്കുളം (PPSHUP) | ₹371.73 കോടി |
| നേര്യമംഗലം | ₹53.53 കോടി |
| ശബരിഗിരി | ₹99.44 കോടി |
| മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതിയുടെ E&M പ്രവർത്തികൾക്ക് ചെലവാക്കിയ തുക | ₹23.76 കോടി |

(ഡി) വൈദ്യുതി ഉല്പാദന പദ്ധതികളൊന്നും പ്രാവർത്തികമാക്കാതെ പോയതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) പദ്ധതികൾ നടപ്പിലാക്കുന്നതിൽ വന്ന വീഴ്ചകൾ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ഇ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്ന തിന് സമയബന്ധിതമായി ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

(ഇ) നിർമ്മാണത്തിലിരിക്കുന്ന താഴെചേർത്തിട്ടുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

| | | |
|---|---|---|
| 1 | വെള്ളത്തൂവൽ SHEP | 3.6MW |
| 2 | പെരുന്തേനരുവി | 6 MW |
| 3 | കക്കയം SHEP | 3 MW |
| 4 | പെരിങ്ങൽകുത്ത് SHEP | 24 MW |
| 5 | ചാത്തൻകോട്ടുനട -II | 6 MW |
| 6 | ഭൂതത്താൻകെട്ട് SHEP | 24 MW |
| 7 | ചെങ്കുളംഓഗ് മെന്റേഷൻ | 85 Mu |
| 8 | തോട്ടിയാർ HEP | 40 MW |
| 9 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW |

ഇപ്പോൾ നിർമ്മാണം നടക്കുന്നതും, ടെൻഡറിംഗ് സ്റ്റേജിൽ ഉള്ളതുമായ 71.2915 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ 2016-17 വർഷത്തിൽ തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ഇവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കഞ്ചിക്കോട് സ്ഥാപിക്കുന്ന കാറ്റിൽനിന്ന് 2.625 MW-ന്റെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയും 2016-17-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**

ല

അനുബന്ധം

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) |
|---|---|---|
| 1 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്ടഡ് | 0.655 |
| 2 | പാലക്കാട് 1 ആദിവാസി കോളനി ഡി.ഡി.ജി | 0.012 |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.0845 |
| 4 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 |
| 5 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 |
| 6 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.440 |
| 7 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 |
| 8 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 |
| 9 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 |
| 10 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 |
| 11 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 |
| 12 | മഞ്ചേശ്വരം കാസർഗോഡ് | 0.50 |
| 13 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 |
| 14 | പൊന്നാനി, മലപ്പുറം | 0.50 |
| 15 | പീരുമേട്, ഇടുക്കി | 0.50 |
| | | |

| | | |
|---|---|---|
| 16 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 |
| 17 | ഏറ്റുമാനൂർ, കോട്ടയം | 1.00 |
| 18 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 |
| 19 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 |
| 20 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 |
| | കാസർഗോഡ് സോളാർ പാർക്ക് ഗ്രിഡ് കണക്റ്റഡ് ഗ്രൗണ്ട് (ആകെ 200 മെഗാ വാട്ട്) | 50 |
| | ആകെ | 67.2415 |

## ടെൻഡർ ക്ഷണിച്ച് സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) |
|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 |
| 3 | നെന്മാറ | 1.5 |
| 4 | പെരുംതേനരുവി | 0.45 |
| 5 | കുറ്റിപ്പുറം | 0.5 |
| | ആകെ | 4.05 |

സെക്ഷൻ ഓഫീസർ

(റിന്യൂവബിൾ എനർജി & എനർജി [illegible])